# 'വിദ്യാഭ്യാസംകൊണ്ടുമാത്രം രാഷ്ട്രം കെട്ടിപ്പടുക്കാനാവില്ല'

ചങ്ങനാശേരി: വിദ്യാഭ്യാസം ആർജിച്ചതുകൊണ്ടു മാത്രം രാഷ്ട്രം കെട്ടിപ്പടുക്കാനാവില്ലെന്നും ഇതിനോടൊപ്പം ശക്തമായ പൗരബോധം വളരേണ്ടതുണ്ടെന്നും മുൻ സുപ്രീംകോടതി ജഡ്ജി കെ.റ്റി. തോമസ്.

ചങ്ങനാശേരി നഗരസഭയുടെ ആഭിമുഖ്യത്തിൽ ഭരണ നവീകരണ പരിപാടിയോടനുബന്ധിച്ചുള്ള സെമിനാർ ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. എപ്പോഴും പരാതി പറയുന്ന സമൂഹമായി നാം മാറുമ്പോഴും നമ്മുടെ നിയമങ്ങളും കടമകളും നാം മറക്കുകയാണ്. സിംഗപ്പൂരിലോ ഇംഗ്ലണ്ടിലോ പോകുന്ന ഇന്ത്യക്കാരൻ അവിടെയുള്ള നിയമം അക്ഷരംപ്രതി അനുസരിക്കുന്നു. ശുചിത്വരംഗത്തെ കർശന നിബന്ധനകളിൽ കഴിഞ്ഞശേഷം മടങ്ങിവരുമ്പോൾ ഇവിടെയുള്ള നിയമങ്ങൾ പാലിക്കാൻ വൈമുഖ്യം കാട്ടുകയാണ്.

റെയിൽവേ ബജറ്റിൽ നാലായിരം കോടി രൂപയുടെ മാലിന്യവിമുക്ത ടോയ്‌ലറ്റുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിനുപിന്നിൽ ഉയർന്ന പൗരബോധമാണ് കാരണമായതെന്ന് ജസ്റ്റിസ് കെ.റ്റി. തോമസ് പറഞ്ഞു. മുനിസിപ്പൽ മിനി ഓഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ മുനിസിപ്പൽ ചെയർമാൻ അഡ്വ. പി. രവീന്ദ്രനാഥ് അധ്യക്ഷതവഹിച്ചു.

പ്രൊഫ. എം.ജി. ഗോപാലകൃഷ്ണൻ ക്ലാസെടുത്തു. നഗരസഭാ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരായ മാത്യൂസ് ജോർജ്, ജി. സുരേഷ് ബാബു, സുധ ജയചന്ദ്രൻ, റ്റി.പി. തിലകകുമാരി, വി.സി. ബാലസുബ്രഹ്മണ്യം, കെ.വി. വിജയകുമാർ, എം.എം. അൻസാരി എന്നിവർ പ്രസംഗിച്ചു.

ഭരണ നവീകരണ പദ്ധതികളുടെ ഭാഗമായി നഗരസഭയിൽ വിവിധ ഡിപ്പാർട്ട്മെൻറുകളിലായി വ്യത്യസ്ത വിഷയങ്ങളിൽ ശില്പശാലകൾ സംഘടിപ്പിക്കുമെന്ന് നഗരസഭാ ചെയർമാൻ അഡ്വ. പി. രവീന്ദ്രനാഥ് അറിയിച്ചു.